പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2462

18.12.2012 ൽ
മറുപടിയ്ക്ക്

തൃക്കരിപ്പൂർ മണ്ഡലത്തിൽ അനുവദിച്ച ഐ.ടി. പാർക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ മന്ത്രി) |
| എ) തൃക്കരിപ്പൂർ മണ്ഡലത്തിൽ അനുവദിച്ച ഐ.ടി. പാർക്കിന് ചീമേനി വില്ലേജിൽ ആവശ്യമായ സ്ഥലം ലഭ്യമാക്കുകയും വർഷങ്ങൾക്ക് മുമ്പ് ഇതിന് തറക്കല്ലിടൽ നടത്തിയിട്ടും നിർമ്മാണ പ്രവർത്തനം വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;<br><br>ബി) പ്രസ്തുത ഐ.ടി. പാർക്ക് എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ? | (എ) യും (ബി) യും<br><br>കാസർഗോഡ് ജില്ലയിൽ തൃക്കരിപ്പൂർ മണ്ഡലത്തിൽ ചീമേനി വില്ലേജിൽ 2010 ൽ സൈബർപാർക്കിന് വേണ്ടി കൈമാറി ലഭിച്ചിരുന്ന 100 ഏക്കർ സ്ഥലത്തിന്റെ തറക്കല്ലിടൽ ചടങ്ങ് 2010 മെയ് 21 ന് നിർവഹിച്ചിരുന്നു. എന്നാൽ ഭൂമി കൈമാറി കിട്ടിയിരുന്നില്ല. സർവ്വെ നമ്പർ തിരുത്തി ലഭിച്ചത് 2012 ൽ ആയിരുന്നു. സ്ഥലത്തിന് പ്രത്യേക സാമ്പത്തിക മേഖലാ പദവി ലഭിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇത് ലഭിക്കുന്നതോടെ വൈദ്യുതി, കുടിവെള്ളം, റോഡ്, കണക്റ്റിവിറ്റി തുടങ്ങിയ അടിസ്ഥാന സൗകര്യ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ